"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.സുരേഷ്.എം.ജി, അസി.സെക്രട്ടറി, പോരൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം എന്നവർ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അധിക അന്യത്രസേവനമനുഷ്ഠിച്ച 01/02/2025 മുതലുള്ള കാലാവധി ക്രമീകരിച്ചും 31.05.2025 വരെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1279/2025/LSGD തീയതി,തിരുവനന്തപുരം, 24-05-2025

---

പരാമർശം:-

1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013-ലെ സ.ഉ.(പി) നം.580/2013/ധന നം. ഉത്തരവ്
3. 11/01/2021-ലെ സ.ഉ.(സാധാ) നം.72/2021/തസ്വഭവ
4. 27/04/2022-ലെ സ.ഉ.(സാധാ) നം.1043/2022/തസ്വഭവ
5. 03/04/2023-ലെ സ.ഉ.(സാധാ) നം.804/2023/തസ്വഭവ
6. 15/03/2024-ലെ സ.ഉ.(സാധാ) നം.618/2024/തസ്വഭവ
7. 05/08/2024-ലെ സ.ഉ.(സാധാ) നം.1440/2024/തസ്വഭവ
8. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25/02/2025 തീയതിയിലെ 1880/E1/2023/KSHO നം. കത്ത്.

**ഉത്തരവ്**

ശ്രീ.സുരേഷ്.എം.ജി, അസി.സെക്രട്ടറി, പോരൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം എന്നവരെ പരാമർശം (3) പ്രകാരം കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ 01/02/2021 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4-7) ഉത്തരവുകൾ പ്രകാരം അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നല്കുകയും ചെയ്തിട്ടുണ്ട്. ടിയാളുടെ അന്യത്രസേവന കാലാവധി 31/01/2025 -ൽ അവസാനിക്കുന്നതായും 01.02.2025 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ചു നല്കണമെന്നും പരാമർശം (8) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ.സുരേഷ്.എം.ജി, അസി.സെക്രട്ടറി, പോരൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം എന്നവർ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അധിക അന്യത്രസേവനമനുഷ്ഠിച്ച 01/02/2025 മുതലുള്ള കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് ക്രമീകരിച്ചും 31.05.2025 വരെ

മാത്രം അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചും ഉത്തരവാകുന്നു.

3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ 31/05/2025 അപരാഹ്നം പ്രാബല്യത്തിൽ ടിയാനെ അന്യത്രസേവനത്തിൽ നിന്നും വിടുതൽ ചെയ്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ.സുരേഷ്.എം.ജി, അസി.സെക്രട്ടറി, പോരൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/62/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
Date: 24-05-2025 17:43:35
സെക്ഷൻ ഓഫീസർ